**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 544** **02-02-2023 - ൽ മറുപടിയ്ക്ക്**

**ഗ്രാറ്റുവിറ്റി തുക ലഭ്യമാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുമ്പാറ ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ, സർവ്വീസിലിരിക്കെ മരണപ്പെട്ട വി.കെ. മുഹമ്മദ് എന്നയാളുടെ ആശ്രിതർക്ക് പി.പി.ഒ. നം. 141470869 തീയതി 14.02.2014 പ്രകാരം 4,06,213 രൂപ ഗ്രാറ്റുവിറ്റിയായി അനുവദിച്ചിരുന്നുവെങ്കിലും അവകാശികളിൽ ഒരാളായ അബൂബക്കർ റാഫി മൈനറാണ് എന്ന കാരണം പറഞ്ഞ് 16.05.2014-ന് കൊടുവള്ളി സബ്ട്രഷറി ഓഫീസർ കുടുംബത്തിന് 1,01,553 രൂപ മാത്രമാണ് നൽകിയിരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കുമ്പാറ ഗവ. ട്രൈബൽ എൽ.പി. സ്കൂളിൽ, സർവ്വീസിലിരിക്കെ മരണപ്പെട്ട വി.കെ. മുഹമ്മദ് എന്നയാളുടെ അവകാശികളിൽ ഒരാളായ വി. കെ സൈനബയ്ക്ക് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നുള്ള 14/2/2014 ലെ ജി പി ഒ നം.121470869 പ്രകാരം 1,01,553/- രൂപ 16/05/2014 ന് അനുവദിച്ച് നൽകിയിട്ടുണ്ട് കൂടാതെ ജി പി ഒ നം.121470869 തീയതി 01/12/2022 പ്രകാരം 2,03,106/- രൂപ അനുവദിച്ച് വന്നിട്ടുള്ളത് 06/01/2023 ന് പാസാക്കി നൽകുകയും ചെയ്തിട്ടുണ്ട്.<br><br>അബൂബക്കർ റാഫി ക്ക് 09/12/2022 നാണ് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ജി പി ഒ നം.121470869-1 പ്രകാരം 2,03,107 രൂപ അനുവദിച്ച് വന്നിട്ടുള്ളത്. ഈ തുക ജി പി ഒ നമ്പർ. 121470869 തീയതി 14/02/2014 പ്രകാരം withheld ചെയ്തിരുന്ന തുകയാണ്. കൊടുവള്ളി സബ് ട്രഷറിയിൽ നിന്നും 06/01/2023 ന് ഈ തുക ടിയാന് അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | പരേതന്റെ മകൻ മുഹമ്മദ് റാഫി വട്ടിക്കുന്നുമ്മൽ, മാനിപുരം പി.ഒ. എന്നയാൾക്ക് 18 വയസ്സായതിനെത്തുടർന്ന് 2020-ന് ഗ്രാറ്റുവിറ്റി ഇനത്തിൽ ബാക്കിയുള്ള തുക ലഭ്യമാക്കാൻ കൊടുവള്ളി സബ്ട്രഷറിയിൽ അപേക്ഷ നൽകിയെങ്കിലും ആയത് ഇതുവരെയും നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | മുഹമ്മദ് റാഫി വട്ടിക്കുന്നുമ്മൽ, എന്നയാളുടെ പേരിൽ അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡർ അനുവദിച്ചു വന്നിട്ടില്ല. |
| (സി) | പ്രസ്തുത കുടുംബത്തിന് അർഹതപ്പെട്ട തുക നൽകാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും തുക എപ്പോൾ നൽകാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നും അനുവദിച്ചു വന്ന ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡർ പ്രകാരമുള്ള തുകയെല്ലാം ഈ കുടുംബത്തിന് കൊടുവള്ളി സബ് ട്രഷറിയിൽ നിന്നും അനുവദിച്ചു നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ